ഭരണഭാഷ — മാതൃഭാഷ

നമ്പർ. ബി1/2787/റ്റി.സി/2014. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 28-03-2014.

## സർക്കുലർ നമ്പർ 03/2014

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* — 2014-2015 —ലെ ധനകാര്യ ബിൽ നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന :- 10-03-2014 —ലെ 02/2014 -)0 നമ്പർ സർക്കുലർ

സൂചനപ്രകാരം പുറപ്പെടുവിച്ച ചില നിർദ്ദേശങ്ങളിൽ മേൽ പൊതുജനങ്ങളിൽനിന്നും ചില പരാതികൾ ലഭിക്കുകയും ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ സൂചന സർക്കുലറിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി പുതുക്കിയ ഭേദഗതി സർക്കുലർ പുറപ്പെടുവിക്കുന്നു.

1. സർക്കുലറിലെ 3-)0 ഖണ്ഡികയിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി ഓഫീസിൽ നേരിട്ട് സ്വീകരിക്കുമ്പോൾ തുക പണമായി മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയ്ക്ക് പകരം തുക പണമായും ഡിമാന്റ് ഡ്രാഫ്റ്റ് ആയും സ്വീകരിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

2. സർക്കുലറിലെ 8-)0 ഖണ്ഡികയിൽ പുഷ്ബാക്ക് സീറ്റുള്ള വാഹനങ്ങളുടെ നികുതി നിർണ്ണയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വാഹനങ്ങളിൽ പുഷ്ബാക്ക് സംവിധാനമുള്ള സീറ്റുകൾക്ക് മാത്രം പുതുക്കിയ നിരക്കിൽ 01-04-2014 മുതൽ നികുതി ഈടാക്കിയാൽ മതിയാകുന്നതാണ്. ബാക്കിയുള്ള സീറ്റുകൾക്ക് സാധരണ സീറ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നികുതി ഈടക്കേണ്ടതാണ്.

3. പുഷ്ബാക്ക് സീറ്റിൽ താല്ക്കാലികമാറ്റം വരുത്തി ഓർഡിനറിയായി കാണിച്ച് നികുതി വെട്ടിക്കുന്നതിനെതിരെ ജാഗ്രത പാലിക്കണം. ഓർഡിനറി സീറ്റിന്റെ ടാക്സ് അടച്ച കോൺട്രാക്റ്റ് ക്യാരേജ് പിന്നീട് പരിശോധനയിൽ പുഷ്ബാക്ക് സീറ്റായി ഉപയോഗിക്കുന്നത് കണ്ടെത്തിയാൽ മുൻകൂർ പ്രാബല്യത്തോടെ ടാക്സ് ഈടാക്കേണ്ടതാണ്.

4. 10-03-2014 ലെ സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾ അതേപടി നിലനിൽക്കുന്നതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡി.റ്റി.സി, ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ,
എല്ലാ ചെക്ക് പോസ്റ്റിലുമുള്ള എം.വി.ഐ മാർ
സി. എ ടു ടി.സി, ജെ.റ്റി.സി ആന്റ് സെക്രട്ടറി എസ്.റ്റി.എ, ജെ.റ്റി.സി(എൻഫോഴ്സ്മെന്റ്), സീനിയർ ഡി.റ്റി.സി (ടാക്സേഷൻ), എന്നിവരുടെ സി.എ മാർക്കും, സീനിയർ എ.ഒ, സീനിയർ എഫ്.ഒ, സീനിയർ എൽ.ഒ, എ.റ്റി.സി, അസിസ്റ്റന്റ് സെക്രട്ടറി മറ്റ് എല്ലാ ഓഫീസർമാർക്കും

പകർപ്പ്: എസ്.എസ്. ജി. സെല്ലിനും, എസ്.എസ്.ജി നോഡൽ ഓഫീസർക്കും, എം.ഐ.റ്റി-5 സെക്ഷനും — പുതിയ ഫൈനാൻസ് ബിൽ അനുസരിച്ച് വകുപ്പിന്റെ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)